09.06.2025

A2 - 1215/24


**ശ്രീ കാടാമ്പുഴ ഭഗവതി ദേവസ്വം,**
**കാടാമ്പുഴ (പി.ഒ), മലപ്പുറം (ജില്ല)**
**പിൻ : 676553**
**ഫോൺ : 0494 2615 790, 2618 000**
**Email : kadampuzhatemple@gmail.com**


---

## ക്വട്ടേഷൻ

ശ്രീ കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിൽ ഭക്തജനങ്ങൾക്ക് നാളികേരം കൊടുക്കുവാൻ ആവശ്യമായ പ്ലാസ്റ്റിക് നെറ്റ് **01.07.2025 മുതൽ 31.12.2025 കൂടിയ** കാലത്തേക്ക് സപ്ലൈ ചെയ്യുന്നതിനുള്ള അവകാശത്തിന് മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ഒരു നെറ്റ് എന്ത് വിലയ്ക്ക് ദേവസ്വത്തിൽ എത്തിച്ചു തരുമെന്ന വ്യവസ്ഥയിലായിരിയ്ക്കും ക്വട്ടേഷൻ.

ഓരോ ക്വട്ടേഷനോടൊപ്പം **2,000/- ക (രണ്ടായിരം രൂപ മാത്രം) നിരതദ്രവ്യം** ദേവസ്വത്തിലടച്ചതിനുള്ള അസ്സൽ രശീതി കൂടി അടക്കം ചെയ്യേണ്ടതാണ്. ക്വട്ടേഷനുകൾ **28.06.2025ന് രാവിലെ** 11 മണി വരെ ദേവസ്വം ഓഫീസിൽ സ്വീകരിയ്ക്കുന്നതും അന്നുതന്നെ **ഉച്ചക്ക് 2 മണിക്ക്** അപ്പോൾ ഹാജരുള്ള ക്വട്ടേഷൻ തന്നവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും ചുരുങ്ങിയ സംഖ്യയുടെ ക്വട്ടേഷൻ സ്വീകരിയ്ക്കുന്നതുമായിരിയ്ക്കും. ദേവസ്വത്തിന് ബാദ്ധ്യതകൾ ഒന്നും വരുത്താതെ കരാർ കാലാവധി തൃപ്തികരമായി പൂർത്തീകരിച്ചുവെന്ന് ബോധ്യപ്പെട്ടതിനു ശേഷം മാത്രമേ നിരതദ്രവ്യം തിരിച്ചു നൽകുകയുള്ളൂ. ക്ഷേത്രം സൂപ്രണ്ടിൽ നിന്നും അപ്പപ്പോൾ ലഭിയ്ക്കുന്ന നിർദ്ദേശമനുസരിച്ച് ആവശ്യമുള്ള നാളികേര നെറ്റ് സപ്ലൈ ചെയ്യേണ്ടതാണ്. ക്വട്ടേഷൻ പ്രകാരം മേൽ പ്രവൃത്തിയുടെ അവകാശം സിദ്ധിച്ചയാൾ സ്വന്തം ചെലവിൽ **200/- കയുടെ** മുദ്രപത്രത്തിൽ കരാർ എഴുതി എക്സിക്യൂട്ടീവ് ഓഫീസർ മുമ്പാകെ രണ്ടു സാക്ഷികൾ സഹിതം ഒപ്പിട്ട് സമർപ്പിയ്ക്കേണ്ടതാണ്. തൃപ്തികരമായി കൊണ്ടു നടത്താത്ത കരാർ റദ്ദാക്കുന്നതും നിരതദ്രവ്യം ദേവസ്വത്തിലേയക്ക് മുതൽ കൂട്ടുന്നതും, മറ്റു യുക്തമായ നടപടികൾ സ്വീകരിയ്ക്കുന്നതും ആയിരിയ്ക്കും. **IT വ്യവസ്ഥകൾക്ക്** വിധേയമായി ആയതിന്റെ ബില്ലുകൾക്ക് **Payment** നടത്തുന്നതായിരിയ്ക്കും. ക്വട്ടേഷൻ സ്വീകരിച്ച വ്യക്തിയുടെ ആധാർ പകർപ്പ് ഹാജരാക്കേണ്ടതാണ്.

യാതൊരു കാരണവും പറയാതെ ക്വട്ടേഷൻ നിരാകരിക്കുവാൻ എക്സിക്യൂട്ടീവ് ഓഫീസർക്ക് പൂർണ്ണാധികാരം ഉണ്ടായിരിയ്ക്കുന്നതും അങ്ങിനെയുള്ള അധികാരത്തെ ചോദ്യം ചെയ്യുവാൻ ആർക്കും അധികാരമോ അവകാശമോ ഇല്ലാത്ത-തുമാകുന്നു.

(ഒപ്പ്)

എക്സിക്യൂട്ടീവ് ഓഫീസർ

1) ദേവസ്വം നോട്ടീസ് ബോർഡ്
2) ഓഫീസ്
3) കൗണ്ടർ
4) ടെമ്പിൾ സൂപ്രണ്ട്
5) അധികം
6) ദേവസ്വം വെബ് സൈറ്റ്